## പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ നടപടി ഉത്തരവ്

വിഷയം:- പൊ.വി.-പ.ജ.പ.വ.വി.വ.-ഏകലവ്യ/ആശ്രമം/മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ-2015-16-അധ്യയന വർഷം ഒഴിവുള്ള തസ്തികകളിൽ അധ്യാപകരെ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1) സർക്കാർ ഉത്തരവ് (സാധാ) നം.2307/2008/പൊ.വി.വ.തീയതി 23/05/2008.

2) സർക്കാർ ഉത്തരവ് (സാധാ) നം.1071/2011/പ.ജ.പ.വ.വി.വ.തീയതി 05/11/2011.

3) സർക്കാരിന്റെ 25/01/2012 തീയതിയിലെ 77830/ആർ1/2011/പൊ.വി.വ.നമ്പർ കത്ത്.

4) സർക്കാരിന്റെ 16/08/2012 തീയതിയിലെ 12012/ആർ1/2012/പൊ.വി.വ.നമ്പർ കത്ത്.

5) പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ 16/10/1999 തീയതിയിലെ ഡി3/10791/1999 നമ്പർ സർക്കുലർ.

7) 09/11/2015 തീയതിയിലെ എ1/77133/15/ഡി.പി.ഐ.നമ്പർ സർക്കുലർ.

### ഉത്തരവ് നമ്പർ.എ1/77133/2015/ഡി.പി.ഐ.തീയതി.23.12.2015.

സംസ്ഥാനത്തെ വിവിധ ജില്ലകളിൽ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന ഏകലവ്യ/ആശ്രമം/മോഡൽ റസിഡൻഷ്യൽ സ്ക്കൂളുകളിൽ അനുവദിക്കപ്പെട്ടിട്ടുള്ള അധ്യാപക/മാനേജർ-കം-റസിഡന്റ് ട്യൂട്ടർ (എം.സി.ആർ.റ്റി-എച്ച്.എസ്.എ.കേഡർ) തസ്തികകളിൽ നിലവിലുള്ള ഒഴിവുകളിൽ നിയമനം നടത്തുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് പരാമർശം (1) പ്രകാരം സർക്കാർ അനുമതി നൽകിയിട്ടുണ്ട്. മോഡൽ റസിഡൻഷ്യൽ സ്ക്കൂളുകളിൽ നിലവിലുള്ള ഒഴിവുകളിൽ സ്ഥലംമാറ്റം മുഖേന നിയമനം ലഭിക്കുന്നതിന് താൽപ്പര്യമുള്ള അധ്യാപകരെ തെരഞ്ഞെടുക്കുന്നതിലേയ്ക്കായി പരാമർശം (2)-ലെ സർക്കാർ ഉത്തരവ് പ്രകാരം രൂപീകരിച്ച ഇന്റർവ്യൂ ബോർഡ് 20.11.2015 -ന് അധ്യാപകരുടെ കൂടിക്കാഴ്ച നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ റാങ്ക് ലിസ്റ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. താഴെപ്പറയുന്ന അധ്യാപകരെ, കൂടിക്കാഴ്ച നടത്തി തയ്യാറാക്കിയ പാനലിലെ റാങ്കിന്റെ അടിസ്ഥാനത്തിൽ അവരുടെ പേരിനു നേരെ കൊടുത്തിരിക്കുന്ന സ്ക്കൂളിൽ നിലവിലുള്ള ഒഴിവിൽ ചുവടെ ചേർത്തിരിക്കുന്ന നിബന്ധനകൾക്ക് വിധേയമായി സ്ഥലംമാറ്റി നിയമിച്ച് ഇതിനാൽ ഉത്തരവാകുന്നു.

| ക്രമ നം. | പേര് | സ്ഥലംമാറ്റം മുഖേന നിയമിക്കുന്ന മോഡൽ റസിഡൻഷ്യൽ സ്കൂൾ, | തസ്തിക | നിയമന രീതി |
|---|---|---|---|---|
| 1 | റാണി. എസ്, എച്ച്.എസ്.എ. (മലയാളം) ഗവ.ഗേൾസ് എച്ച്.എസ്. വടക്കാൻചേരി, തൃശ്ശൂർ. | അയ്യൻകാളി മെമ്മോറിയൽ മോഡൽ റസിഡൻഷ്യൽ സ്കൂൾ,വെള്ളായണി, തിരുവനന്തപുരം. | എച്ച്.എസ്.എ. (മലയാളം) | അന്തർജില്ലാ സ്ഥലംമാറ്റം |
| 2 | ബിജു കുമാർ. ബി, എച്ച്.എസ്.എ. (മലയാളം) ജി.എച്ച്.എസ്.എസ് കിഴക്കാൻചേരി, പാലക്കാട് | ഡോക്ടർ. അംബേദ്കർ മെമ്മോറിയൽ മോഡൽ റസിഡൻഷ്യൽ സ്കൂൾ, കട്ടേല, തിരുവനന്തപുരം. | എച്ച്.എസ്.എ. (മലയാളം) | അന്തർജില്ലാ സ്ഥലംമാറ്റത്തിന്റെ പരിധിയിലല്ലാത്ത സ്ഥലംമാറ്റം |
| 3 | ചെറുപുഷ്പം. പി എച്ച്.എസ്.എ (മലയാളം) ജി.വി.എച്ച്.എസ്.എസ്. കിനശ്ശേരി, കോഴിക്കോട് | മോഡൽ റസിഡൻഷ്യൽ സ്കൂൾ, കുളത്തുപ്പുഴ, കൊല്ലം | എച്ച്.എസ്.എ (മലയാളം) | അന്തർജില്ലാ സ്ഥലംമാറ്റം |
| 4 | ഉഷാറാണി. ബി എച്ച്.എസ്.എ (ഹിന്ദി) ജി.വി.എച്ച്.എസ്.എസ് കുഞ്ഞത്തൂർ, കാസർഗോഡ് | മോഡൽ റസിഡൻഷ്യൽ സ്കൂൾ, കുളത്തുപ്പുഴ, കൊല്ലം | എച്ച്.എസ്.എ (ഹിന്ദി) | അന്തർജില്ലാ സ്ഥലംമാറ്റം |
| 5 | സെബി അലക്സ്.എ.സി എച്ച്.എസ്.എ (സോഷ്യൽ സയൻസ്) ജി.എച്ച്.എസ് നാഗലശ്ശേരി, പാലക്കാട് | മോഡൽ റസിഡൻഷ്യൽ സ്കൂൾ, കുളത്തുപ്പുഴ, കൊല്ലം | എച്ച്.എസ്.എ (സോഷ്യൽ സയൻസ്) | അന്തർജില്ലാ സ്ഥലംമാറ്റത്തിന്റെ പരിധിയിലല്ലാത്ത സ്ഥലംമാറ്റം |
| 6 | പ്രശോഭ്. വി.എസ് എച്ച്.എസ്.എ (ഗണിതം) ഐ.ജി.എം.എം.ആർ. എസ്, നിലമ്പൂർ, മലപ്പുറം | മോഡൽ റസിഡൻഷ്യൽ സ്കൂൾ, കുളത്തുപ്പുഴ, കൊല്ലം | എച്ച്.എസ്.എ (ഗണിതം) | അന്തർജില്ലാ സ്ഥലംമാറ്റത്തിന്റെ പരിധിയിലല്ലാത്ത സ്ഥലംമാറ്റം |
| 7 | സന്തോഷ്കുമാർ. എ എച്ച്.എസ്.എ (മലയാളം ജി.ജി.എച്ച്.എസ്.എസ്. കല്ലായി, കോഴിക്കോട് | മോഡൽ റസിഡൻഷ്യൽ സ്കൂൾ, വടശ്ശേരിക്കര, പത്തനംതിട്ട | എച്ച്.എസ്.എ (മലയാളം) | അന്തർജില്ലാ സ്ഥലംമാറ്റത്തിന്റെ പരിധിയിലല്ലാത്ത സ്ഥലംമാറ്റം |

| | | | | |
|---|---|---|---|---|
| 8 | സിജി എം.എബ്രഹാം<br>എച്ച്.എസ്.എ (ഹിന്ദി)<br>ജി.വി.എച്ച്.എസ്.എസ്<br>പാതിരിപ്പാല, പാലക്കാട് | മോഡൽ റസിഡൻഷ്യൽ സ്കൂൾ, വടശ്ശേരിക്കര, പത്തനംതിട്ട | എച്ച്.എസ്.എ (ഹിന്ദി) | അന്തർജില്ലാ സ്ഥലംമാറ്റം |
| 9 | വിനോദ്. സി.ജി<br>എച്ച്.എസ്.എ (ഗണിതം)<br>ജി.ജി.വി.എച്ച്.എസ്. എസ്<br>നെമ്മാറ, പാലക്കാട് | മോഡൽ റസിഡൻഷ്യൽ സ്കൂൾ, വടശ്ശേരിക്കര, പത്തനംതിട്ട | എച്ച്.എസ്.എ (ഗണിതം) | അന്തർജില്ലാ സ്ഥലംമാറ്റ ത്തിന്റെ പരി ധിയിലല്ലാത്ത സ്ഥലംമാറ്റം |
| 10 | സുരേഷ്. വി<br>എച്ച്.എസ്.എ (ഗണിതം)<br>ജി.എച്ച്.എസ്.എസ്.<br>കൊടുങ്ങല്ലൂർ, തൃശ്ശൂർ | മോഡൽ റസിഡൻഷ്യൽ സ്കൂൾ, വടശ്ശേരിക്കര, പത്തനംതിട്ട | എച്ച്.എസ്.എ (ഗണിതം) | അന്തർജില്ലാ സ്ഥലംമാറ്റം |
| 11 | സിമി പി. വിൽസൺ<br>എച്ച്.എസ്.എ (സോഷ്യൽ സയൻസ്)<br>ജി.എച്ച്.എസ്.മേപ്പാടി<br>വയനാട്. | മോഡൽ റസിഡൻഷ്യൽ സ്കൂൾ, വടശ്ശേരിക്കര, പത്തനംതിട്ട | എച്ച്.എസ്.എ (സോഷ്യൽ സയൻസ്) | അന്തർജില്ലാ സ്ഥലംമാറ്റ ത്തിന്റെ പരി ധിയിലല്ലാത്ത സ്ഥലംമാറ്റം |
| 12 | സംഗീത. എസ്<br>എച്ച്.എസ്.എ<br>(നാച്ചുറൽ സയൻസ്)<br>ജി.എച്ച്.എസ്.<br>നിറമരുതൂർ, മലപ്പുറം. | മോഡൽ റസിഡൻഷ്യൽ സ്കൂൾ, വടശ്ശേരിക്കര, പത്തനംതിട്ട | എച്ച്.എസ്.എ (നാച്ചുറൽ സയൻസ്) | അന്തർജില്ലാ സ്ഥലംമാറ്റം |
| 13 | ശാന്തി.എസ്<br>പി.ഇ.റ്റി ഗവ. മോഡൽ റസിഡൻഷ്യൽ സ്കൂൾ,<br>തൃത്താല, പാലക്കാട് | മോഡൽ റസിഡൻഷ്യൽ സ്കൂൾ, പുന്നപ്ര ആലപ്പുഴ | പി.ഇ.റ്റി | അന്തർജില്ലാ സ്ഥലംമാറ്റം |
| 14 | സ്വയംപ്രഭ. എൽ.കെ<br>നീഡിൽ വർക്ക് ടീച്ചർ<br>ജി.എച്ച്.എസ്.എസ്<br>ആഴ്ചവട്ടം, കോഴിക്കോട് | മോഡൽ റസിഡൻഷ്യൽ സ്കൂൾ, പുന്നപ്ര ആലപ്പുഴ | നീഡിൽ വർക്ക് ടീച്ചർ | അന്തർജില്ലാ സ്ഥലംമാറ്റം |
| 15 | മോളിയമ്മ. കെ.ജെ<br>പി.ഇ.റ്റി<br>ഐ.ജി.എം.എം.ആർ. എസ്, നിലമ്പൂർ | മോഡൽ റസിഡൻഷ്യൽ സ്കൂൾ, ഏറ്റുമാനൂർ, കോട്ടയം | പി.ഇ.റ്റി | അന്തർജില്ലാ സ്ഥലംമാറ്റം |

| | | | | |
|---|---|---|---|---|
| 16 | ജയലക്ഷ്മി. പി.സി<br>എച്ച്.എസ്.എ<br>(ഗണിതം)<br>ജി.എം.ആർ.എസ്<br>കണിയാംമ്പറ്റ<br>വയനാട്. | മോഡൽ റസിഡൻഷ്യൽ സ്കൂൾ, കീഴ്മാട്, ആലുവ എറണാകുളം. | എച്ച്.എസ്.എ (ഗണിതം) | അന്തർജില്ലാ സ്ഥലംമാറ്റ ത്തിന്റെ പരി ധിയിലല്ലാത്ത സ്ഥലംമാറ്റം |
| 17 | ഷിജു. ഒ.കെ<br>എച്ച്.എസ്.എ (ഗണിതം)<br>ജി.എച്ച്.എസ്.എസ്<br>ചേർക്കാല സെൻട്രൽ<br>കാസറഗോഡ് | ഗവ. മോഡൽ റസി ഡൻഷ്യൽ സ്കൂൾ, ഉള്ളിയേരി, കോഴിക്കോട് | എം.സി. ആർ.റ്റി | അന്തർജില്ലാ സ്ഥലംമാറ്റ ത്തിന്റെ പരി ധിയിലല്ലാത്ത സ്ഥലംമാറ്റം |
| 18 | രമ്യ.റ്റി.പി<br>എൽ.പി.എസ്.എ<br>ജി.എച്ച്.എസ്. മരുത<br>മലപ്പുറം | മോഡൽ റസിഡൻഷ്യൽ സ്കൂൾ, തിരുനെല്ലി വയനാട് | എൽ.പി.എ സ്.എ | അന്തർജില്ലാ സ്ഥലംമാറ്റം |
| 19 | അഫ്സൽ. കെ<br>എൽ.പി.എസ്.എ<br>ജി.എച്ച്.ഡബ്ള്യൂ.യു.പി.<br>എസ് ഇടുക്കി,<br>കാറ്റാടിക്കവല,<br>ഇടുക്കി | മോഡൽ റസിഡൻഷ്യൽ സ്കൂൾ, തിരുനെല്ലി വയനാട് | എൽ.പി.എ സ്.എ | അന്തർജില്ലാ സ്ഥലംമാറ്റം |
| 20 | മുരളീകൃഷ്ണൻ.എ.എം<br>എച്ച്.എസ്.എ (ഹിന്ദി)<br>ജി.എച്ച്.എസ്, വാരംമ്പറ്റ<br>വയനാട് | ഗവ. മോഡൽ റസി ഡൻഷ്യൽ സ്കൂൾ, പട്ടുവം, കണ്ണൂർ | എച്ച്.എസ്.എ (ഹിന്ദി) | അന്തർജില്ലാ സ്ഥലംമാറ്റ ത്തിന്റെ പരി ധിയിലല്ലാത്ത സ്ഥലംമാറ്റം |
| 21 | രവീന്ദ്രനാഥൻ. റ്റി.വി<br>എച്ച്.എസ്.എ (ഗണിതം)<br>ജി.വി.എച്ച്.എസ്<br>കുനിയ, കാസർഗോഡ് | ഗവ. മോഡൽ റസി ഡൻഷ്യൽ സ്കൂൾ, പട്ടുവം, കണ്ണൂർ | എച്ച്.എസ്.എ (ഗണിതം) | അന്തർജില്ലാ സ്ഥലംമാറ്റം |
| 22 | രജനി. കെ.കെ<br>എച്ച്.എസ്.എ (ഇംഗ്ലീഷ്)<br>ജി.എച്ച്.എസ്.എസ്<br>ബേക്കൂർ, കാസറഗോഡ് | ഗവ. മോഡൽ റസി ഡൻഷ്യൽ സ്കൂൾ പരവനടുക്കം, കാസറഗോഡ് | എച്ച്.എസ്.എ (ഇംഗ്ലീഷ്) | ജില്ലയ്ക്കക ത്തുള്ള സ്ഥലംമാറ്റം. |
| 23 | വർഗ്ഗീസ്. എ.എൻ<br>എച്ച്.എസ്.എ ഗണിതം<br>ജി.എച്ച്.എസ്. കൂടല്ലൂർ<br>പാലക്കാട് | ഗവ. മോഡൽ റസി ഡൻഷ്യൽ സ്കൂൾ തൃത്താല പാലക്കാട് | എച്ച്.എസ്.എ (ഗണിതം) | അന്തർജില്ലാ സ്ഥലംമാറ്റ ത്തിന്റെ പരി ധിയിലല്ലാത്ത സ്ഥലംമാറ്റം |

<u>**വ്യവസ്ഥകൾ**</u>:-

1. ഈ ഉത്തരവിൻപ്രകാരം നടത്തിയിരക്കുന്ന ക്രമ നമ്പർ.1, 3, 4, 8, 10, 12, 13, 14, 15, 18,19,21 സ്ഥലംമാറ്റങ്ങൾ അന്തർജില്ലാ സ്ഥലംമാറ്റത്തിന്റെ പരിധിയിൽപ്പെടുന്നതാണ്. അതിനാൽ തന്നെ സ്ഥലംമാറ്റം ലഭിച്ചിട്ടുള്ള ക്രമനമ്പർ 1, 3, 4, 8, 10, 12, 13, 14, 15, 18,19,21 അധ്യാപകർ നിലവിലുള്ള സർക്കാർ ഉത്തരവുകൾ പ്രകാരം ജോലിയിൽ പ്രവേശിക്കുന്ന ജില്ലയിലെ ഏറ്റവും ജൂനിയർ ആയിരിക്കുന്നതാണ്. അധ്യാപകരെ വിടുതൽ ചെയ്യുന്നതിന് മുമ്പ് സ്ഥലംമാറ്റം ലഭിച്ചിട്ടുള്ള ജില്ലയിൽ ഏറ്റവും ജൂനിയറായി ജോലി നോക്കാം എന്ന ഒരു ഡിക്ലറേഷൻ പ്രധാനാധ്യാപകൻ എഴുതി വാങ്ങേണ്ടതും ആയത് സർവ്വീസ് പുസ്തക ത്തിൽ രേഖപ്പെടുത്തിയ ശേഷം ഒട്ടിച്ച് സൂക്ഷിക്കേണ്ടതുമാണ്. ഇതിനു വിപരീതമായ നിലപാട് സ്വീകരിക്കുന്ന അധ്യാപകർക്ക് വിടുതൽ നൽകാൻ പാടില്ലാത്തതും വിവരം ഈ ഓഫീസിൽ അറിയിക്കേണ്ടതുമാണ്.

2. അന്തർജില്ലാ സ്ഥലംമാറ്റം ലഭിക്കുന്ന അധ്യാപകർ സ.ഉ.(പി) നമ്പർ.42/2012/ഉ.ഭ.പ.വ. തീയതി 23/08/2012 അനുസരിച്ച് പുതിയ ജില്ലയിൽ ജോലിയിൽ പ്രവേശിക്കുന്ന തീയതി മുതൽ പ്രൊബേഷൻ ആരംഭിച്ച് പൂർത്തിയാക്കേണ്ടതാണ്.

3. ഈ ഉത്തരവിലെ ക്രമ നമ്പർ 2, 5, 6, 9, 11, 17, 20, 23 അധ്യാപകർക്ക് നിലവിൽ ജോലി ചെയ്യുന്ന ജില്ലയ്ക്ക് പുറത്തുള്ള എം.ആർ.എസ്.ലാണ് സ്ഥലംമാറ്റം ലഭിച്ചിരിക്കുന്നതെ ങ്കിൽ തന്നെയുംനിർദ്ദിഷ്ട സർവ്വീസ് യോഗ്യതയില്ലാത്തതിനാൽ തന്നെ സ്ഥലംമാറ്റങ്ങൾ അന്തർജില്ലാസ്ഥലംമാറ്റത്തിന്റെ പരിധിയിൽപ്പെടുന്നില്ല. ക്രമ നമ്പർ 7, 16 അധ്യാപകർ സർവ്വീസ് യോഗ്യതയുണ്ടെങ്കിലും അന്തർജില്ലാസ്ഥലംമാറ്റം ആവശ്യപ്പെടാത്തതിനാൽ അന്തർജില്ലാ സ്ഥലംമാറ്റത്തിന്റെ പരിധിയിൽ ഉൾപ്പെടുന്നില്ല. അതിനാൽ തന്നെ സേവന കാലാവധി പൂർത്തിയാകുന്ന മുറയ്ക്ക് ക്രമനമ്പർ 2, 5, 6, 7, 9, 11, 17, 20, 23, 16 അധ്യാപ കർ മാതൃ ജില്ലയിലേക്കു തന്നെ മടങ്ങിപോകേണ്ടതാണ്. ഇപ്രകാരം നിലവിൽ ജോലി ചെയ്യുന്ന ജില്ലയ്ക്കു പുറത്തുള്ള എം.ആർ.എസ്.ൽ സ്ഥലംമാറ്റം ലഭിക്കുന്ന അധ്യാപക രുടെ സീനിയോറിറ്റി അവസാനം ജോലിചെയ്ത ജില്ലയിൽ നിലനിർത്തി കണക്കാക്കുന്ന താണ്.

4. ക്രമ നമ്പർ 15 പ്രകാരമുള്ള സ്ഥലംമാറ്റം സസ്പെൻഷൻ മൂലമുണ്ടായ ഒഴിവിലേക്കായതി നാൽ സസ്പെൻഷൻ കഴിഞ്ഞു വരുന്നയാളെ നിയമിക്കാൻ തസ്തിക ഒഴിവില്ലാത്ത സാഹചര്യം ഉണ്ടാകുന്ന പക്ഷം ക്രമ നമ്പർ 15 പ്രകാരം നിയമിക്കപ്പെട്ട അധ്യാപികയെ മുൻ ജില്ലയിലേക്ക് തിരിച്ച് അയയ്ക്കുന്നതായിരിക്കും.

5. ഈ ഉത്തരവിൻ പ്രകാരം സ്ഥലംമാറ്റം ലഭിച്ച എല്ലാ അധ്യാപകരും ഉത്തരവ് കൈപ്പറ്റി ഏഴു ദിവസത്തിനുള്ളിൽ സ്ഥലംമാറ്റം ലഭിച്ച സ്കൂളിൽ ജോലിയിൽ പ്രവേശിക്കേണ്ടതാണ്. 2016 മാർച്ചിലെ എസ്.എസ്.എൽ.സി.പരീക്ഷയുമായി ബന്ധപ്പെട്ട ഉത്തരവാദിത്വങ്ങളുള്ള അധ്യാപകർ ആയതിനുശേഷം വിടുതൽ ചെയ്താൽ മതി.

6. നിയമനം ലഭിച്ച അധ്യാപകർ നിർബന്ധമായും സ്കൂൾ ക്വാർട്ടേഴ്സിൽ താമസിച്ച് അധ്യയനം നടത്തേണ്ടതാണ്. അധ്യാപകർ ക്വാർട്ടേഴ്സിൽ താമസിച്ച് അധ്യായനം നടത്താത്ത സാഹചര്യമുണ്ടായാൽ ഹെഡ്മാസ്റ്റർ വിദ്യാഭ്യാസ ഉപ ഡയറക്ടർ മുഖാന്തിരം വിവരം പൊതു വിദ്യാഭ്യാസ ഡയറക്ടറെ അറിയിക്കേണ്ടതും വിദ്യാഭ്യാസ ഡയറക്ടർ ടി അധ്യാപകരെ മറ്റൊരറിയിപ്പു കൂടാതെ മാതൃ ജില്ലയിലേക്ക് മടക്കി അയക്കുന്നതുമായിരിക്കും.

7. നിയമനം ലഭിച്ച അധ്യാപകർ മോഡൽ റസിഡൻഷ്യൽ സ്കൂളിൽ ജോലിയിൽ പ്രവേശിച്ച തീയതി മുതൽ മൂന്ന് വർഷക്കാലം പ്രസ്തുത സ്ക്കൂളിൽ തന്നെ ജോലി ചെയ്യേണ്ടതാണ്. ഇതിലേയ്ക്കായി ഒരു ഡിക്ലറേഷൻ എഴുതി നൽകേണ്ടതും ആയത് പ്രധാന അധ്യാപകൻ സർവ്വീസ് ബുക്കിൽ പതിച്ച് സൂക്ഷിക്കേണ്ടതുമാണ്.

8. എം.സി.ആർ.റ്റി യായി നിയമനം ലഭിച്ച അധ്യാപകർ പരാമർശം അഞ്ച് നിബന്ധനപ്രകാരമുള്ള ജോലികൾ കൂടി ചെയ്യേണ്ടതാണ്.

9. നിലവിൽ ജോലിചെയ്യുന്ന ജില്ലയ്ക്കുള്ളിലെ എം.ആർ.എസ്.ൽ നിയമനം ലഭിച്ച അധ്യാപകർക്കും അന്തർജില്ലാ സ്ഥലംമാറ്റം മുഖേന നിയമനം ലഭിച്ച അധ്യാപകർക്കും നിർദ്ദിഷ്ട സേവനകാലം പൂർത്തിയാക്കിയതിനുശേഷം ജില്ലക്കുള്ളിലെ പൊതുസ്ഥലംമാറ്റത്തിന് ഓൺലൈൻ മുഖേന അപേക്ഷിക്കാവുന്നതാണ്. ഈ അധ്യാപകരെ എം.ആർ.എസ്.ൽ നിന്നും വിടുതൽ ചെയ്യുന്നതിന് പ്രധാന അധ്യാപകന് ഈ കാര്യാലയത്തിന്റെ അനുമതി ആവശ്യമാണ്.

10. എം.ആർ.എസ്-ലെ സേവനകാലാവധി പൂർത്തീകരിക്കുന്നതിനു മുമ്പ് മറ്റു സ്ഥലംമാറ്റങ്ങൾക്കോ/ഡെപ്യൂട്ടേഷൻ മുഖേനയുള്ള മറ്റ് നിയമനങ്ങൾക്കോ അധ്യാപകർ അപേക്ഷ നൽകാൻ പാടുള്ളതല്ല.

11. ശിക്ഷാ നടപടിയുടെ ഭാഗമായോ മറ്റെന്തെങ്കിലും കാരണത്താലോ എം.ആർ.എസ്-ൽ നിന്നും സ്ഥലംമാറ്റപ്പെടുകയാണെങ്കിൽ ഈ ഉത്തരവ് പ്രകാരം സ്ഥലംമാറ്റം ലഭിക്കുന്ന അധ്യാപകരെ അവർ ഏതുജില്ലയിൽ നിന്നാണോ എം.ആർ.എസ്-ലേയ്ക്ക് സ്ഥലംമാറി വന്നത്, അതേ ജില്ലയിലേക്കുതന്നെ സ്ഥലംമാറ്റി നിയമിക്കുന്നതായിരിക്കും.

12. സ്ഥലംമാറ്റം ലഭിച്ചുവന്ന അധ്യാപകരിൽ ആർക്കെങ്കിലും അവരുടെ മുൻ അപേക്ഷയുടെ അടിസ്ഥാനത്തിൽ ഓൺലൈൻ അന്തർജില്ലാ സ്ഥലംമാറ്റം/സഹതാപാർഹ സാഹചര്യത്തിലുള്ള അന്തർജില്ലാ സ്ഥലംമാറ്റം അനുവദിക്കുകയാണെങ്കിൽ വിടുതൽ നൽകുന്നതിലേയ്ക്കായി പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഉത്തരവിന് വിധേയമായി പ്രധാനാധ്യാപകന് തുടർ നടപടി സ്വീകരിക്കാവുന്നതാണ്.

13. കാലാകാലങ്ങളിൽ പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പും വിദ്യാഭ്യാസ വകുപ്പും പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾ പാലിക്കാൻ എം.ആർ.എസ്-ൽ നിയമനം ലഭിച്ച അധ്യാപകർ ബാധ്യസ്ഥരാണ്.

14. സ്ഥലംമാറ്റം നൽകപ്പെട്ട അധ്യാപകരുടെ വിടുതൽ/ജോലിയിൽ പ്രവേശിക്കപ്പെട്ട തീയതി എന്നിവ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിലും ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയത്തിലും അറിയിക്കേണ്ടതാണ്.

15. ഈ ഉത്തരവിൻപ്രകാരം നടത്തിയിരിക്കുന്ന നിയമനങ്ങൾ യാതൊരു കാരണവശാലും റദ്ദു ചെയ്തു നൽകുന്നതല്ല. നിയമന ഉത്തരവിലെ വ്യവസ്ഥകൾക്കു വിധേയമായി നിശ്ചിത തീയതിയ്ക്കകം ജോലിയിൽ പ്രവേശിക്കാത്ത അധ്യാപകർക്കെതിരെ കർശനമായ അച്ചടക്ക നടപടി കൈക്കൊള്ളുന്നതുമാണ്.

**(പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ ഉത്തരവിൻ പ്രകാരം)**

**വിശ്വസ്തതയോടെ**

**ഉഷാകുമാരി.വി.എസ്,**
**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ.**
**പൊതു വിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി**

1. ബന്ധപ്പെട്ട അധ്യാപകർ
2. പ്രധാനാധ്യാപകൻ, ഗവ.ഗേൾസ് എച്ച്.എസ്.വടക്കാൻചേരി, തൃശ്ശൂർ
3. പ്രധാനാധ്യാപകൻ, ജി.എച്ച്.എസ്.എസ്. കിഴക്കാൻചേരി, പാലക്കാട്
4. പ്രധാനാധ്യാപകൻ, ജി.വി.എച്ച്.എസ്.എസ്.കിനശ്ശേരി കോഴിക്കോട്
5. പ്രധാനാധ്യാപകൻ, ജി.വി.എച്ച്.എസ്.എസ്കുഞ്ഞത്തൂർ, കാസർഗോഡ്
6. പ്രധാനാധ്യാപകൻ, ജി.എച്ച്.എസ് നാഗലശ്ശേരി, പാലക്കാട്
7. പ്രധാനാധ്യാപകൻ, ഐ.ജി.എം.എം.ആർ.എസ്, നിലമ്പൂർ, മലപ്പുറം

8. പ്രധാനാധ്യാപകൻ, ജി.ജി.എച്ച്.എസ്.എസ്.കല്ലായി, കോഴിക്കോട്
9. പ്രധാനാധ്യാപകൻ, ജി.വി.എച്ച്.എസ്.പാതിരിപ്പാല, പാലക്കാട്
10. പ്രധാനാധ്യാപകൻ, ജി.ജി.വി.എച്ച്.എസ്.എസ്നെമ്മാറ, പാലക്കാട്
11. പ്രധാനാധ്യാപകൻ, ജി.എച്ച്.എസ്.എസ്.കൊടുങ്ങല്ലൂർ, തൃശ്ശൂർ
12. പ്രധാനാധ്യാപകൻ, ജി.എച്ച്.എസ്.മേപ്പാടി, വയനാട്.
13. പ്രധാനാധ്യാപകൻ, ജി.എച്ച്.എസ്. നിറമരുതൂർ, മലപ്പുറം.
14. പ്രധാനാധ്യാപകൻ, ഗവ. മോഡൽ റസിഡൻഷ്യൽ സ്കൂൾ, തൃത്താല, പാലക്കാട്
15. പ്രധാനാധ്യാപകൻ, ജി.എച്ച്.എസ്.എസ് ആഴ്ചവട്ടം, കോഴിക്കോട്
16. പ്രധാനാധ്യാപകൻ, ജി.എം.ആർ.എസ്, കണിയാംമ്പറ്റ വയനാട്.
17. പ്രധാനാധ്യാപകൻ, ജി.എച്ച്.എസ്.എസ് ചേർക്കാല സെൻട്രൽ കാസറഗോഡ്
18. പ്രധാനാധ്യാപകൻ, ജി.എച്ച്.എസ്. മരുത മലപ്പുറം
19. പ്രധാനാധ്യാപകൻ, ജി.എച്ച്.ഡബ്ള്യൂ.യു.പി.എസ് ഇടുക്കി, കാറ്റാടിക്കവല, പീരുമേട് ഇടുക്കി.
20. പ്രധാനാധ്യാപകൻ, ജി.എച്ച്.എസ് വാരംമ്പറ്റ വയനാട്
21. പ്രധാനാധ്യാപകൻ, ജി.വി.എച്ച്.എസ് കുനിയ, തൃശ്ശൂർ.
22. പ്രധാനാധ്യാപകൻ, ജി.എച്ച്.എസ്.എസ് ബേക്കൂർ, കാസറഗോഡ്
23. പ്രധാനാധ്യാപകൻ, ജി.എച്ച്.എസ്. കൂടല്ലൂർ. പാലക്കാട്
24. പ്രധാനാധ്യാപകൻ, അയ്യൻകാളി മെമ്മോറിയൽ മോഡൽ റസിഡൻഷ്യൽ സ്കൂൾ, വെള്ളായണി, തിരുവനന്തപുരം.
25. പ്രധാനാധ്യാപകൻ, ഡോക്ടർ. അംബേദ്കർ മെമ്മോറിയൽ മോഡൽ റസിഡൻഷ്യൽ സ്കൂൾ, കട്ടേല, തിരുവനന്തപുരം.
26. പ്രധാനാധ്യാപകൻ, മോഡൽ റസിഡൻഷ്യൽ സ്കൂൾ, കുളത്തുപ്പുഴ, കൊല്ലം.
27. പ്രധാനാധ്യാപകൻ, മോഡൽ റസിഡൻഷ്യൽ സ്കൂൾ, വടശ്ശേരിക്കര, പത്തനംതിട്ട
28. പ്രധാനാധ്യാപകൻ, മോഡൽ റസിഡൻഷ്യൽ സ്കൂൾ, പുന്നപ്ര, ആലപ്പുഴ
29. പ്രധാനാധ്യാപകൻ, മോഡൽ റസിഡൻഷ്യൽ സ്കൂൾ, ഏറ്റുമാനൂർ, കോട്ടയം
30. പ്രധാനാധ്യാപകൻ,മോഡൽ റസിഡൻഷ്യൽ സ്കൂൾ, കീഴ്മാട്, ആലുവ, എറണാകുളം
31. പ്രധാനാധ്യാപകൻ, ഗവ.മോഡൽ റസിഡൻഷ്യൽ സ്കൂൾ, ഉള്ളിയേരി, കോഴിക്കോട്
32. പ്രധാനാധ്യാപകൻ, മോഡൽ റസിഡൻഷ്യൽ സ്കൂൾ, തിരുനെല്ലി, വയനാട്
33. പ്രധാനാധ്യാപകൻ, ഗവ. മോഡൽ റസിഡൻഷ്യൽ സ്കൂൾ, പട്ടുവം, കണ്ണൂർ
34. പ്രധാനാധ്യാപകൻ, ഗവ.മോഡൽ റസിഡൻഷ്യൽ സ്കൂൾ, പരവനടുക്കം, കാസറഗോഡ്
35. എല്ലാ വിദ്യാഭ്യാസ ഉപഡറയക്ടർമാർക്കും.
36. ഡയറക്ടർ, ഐ.റ്റി @ സ്കൂൾ, പൂജപ്പുര.(ഔദ്യോഗിക വെബ്സൈറ്റിൽ ഉൾപ്പെടുത്തുന്നതിനായി).
37. ഓഫീസ് കോപ്പി.